ഉത്തരം

(എ) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ സ്കൂൾ പ്രവൃത്തിദിനം ദിവസം 200 രൂപ നിരക്കിലും 150-ൽ മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപയ്ക്ക് പുറമെ കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ നൽകി വരുന്നു. കൂടാതെ ഓണക്കാലത്ത് ഉത്സവബത്തയും നൽകുന്നുണ്ട്. 2014-ലെ ഓണത്തിന് 1,000 രൂപയാണ് ഉത്സവ ബത്തയായി അനുവദിച്ചിട്ടുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സ്മാർട്ട് ക്ലാസ്

27 (1045) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് ആക്കുമെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; ഒരു സ്മാർട്ട് ക്ലാസ് റൂം പോലും ഇല്ലാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു.

സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ

28 (1046) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ബാലാവകാശ കമ്മീഷന്റെ ഉത്തരവുപ്രകാരം എല്ലാ വിദ്യാലയങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ശുചിത്വം ഉറപ്പാക്കാനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നു. സർക്കാർ സ്കൂളുകൾക്ക് ഇതിനായി മെയിന്റനൻസ് ഗ്രാന്റും നൽകിയിരുന്നു. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക, നബാർഡിൽനിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം ഒരുക്കിവരുന്നു. എയ്ഡഡ് സ്കൂളുകളിൽ ടി സൗകര്യങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ട മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നതിന് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ ടി സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

അംഗീകാരമില്ലാത്ത സ്കൂളുകൾ

29 (1047) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൽ.പി./യു.പി. എന്നിവയുടെ ഘടന പുനർനിർണ്ണയിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(സി) എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.